# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5218 | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ഒരു വർഷമായി കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യാത്ത സാഹചര്യമുണ്ടോ; | (എ) | ഇല്ല. 2017 മാർച്ച് മാസം വരെയുള്ള കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര കോടി രൂപ കർഷക തൊഴിലാളി പെൻഷൻ കുടിശ്ശികയായി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് കർഷക തൊഴിലാളി പെൻഷൻ കുടിശ്ശികയിനത്തിൽ 18.11 കോടി രൂപ നൽകാനുണ്ട്. |
| (സി) | ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ളവർക്കാണോ കർഷകതൊഴിലാളി പെൻഷൻ നൽകുന്നത്; | (സി) | അതെ. |
| (ഡി) | എങ്കിൽ ബോർഡിൽ അംഗത്വം ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ഡി) | 18 വയസ്സ് പൂർത്തിയാക്കിയതും 55 വയസ്സിനു താഴെ പ്രായമുള്ളവരുമായ കർഷകതൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. |
| (ഇ) | ഇപ്പോൾ ബോർഡിൽ അംഗമായിട്ടുള്ളവരിൽ ഭൂരിപക്ഷം പേരും യഥാർത്ഥ കർഷകതൊഴിലാളികളല്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇല്ല. |
| (എഫ്) | എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ